**പതിമൂന്നാം കേരള നിയമസഭ**

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2493 19.12.2012-ൽ മറുപടിയ്ക്ക്

**ലബോറട്ടറി കൗൺസിൽ രൂപീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം "ലബോറട്ടറി കൗൺസിൽ" രൂപീകരണം നടന്നിട്ടുണ്ടോ; പ്രസ്തുത കൗൺസിൽ രൂപീകരണം കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ; | എ) | ലബോറട്ടറി കൗൺസിൽ രൂപീകരിച്ചിട്ടില്ല. |
| ബി) | വിവിധ യൂണിവേഴ്സിറ്റികളുടെ അധീനതയിൽ നടത്തുന്ന പാരാമെഡിക്കൽ കോഴ്സുകൾ മെഡിക്കൽ സർവ്വകലാശാലകളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് നടപ്പിൽ വരുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | ബി) | 2010-ലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് ആക്ടിലെ സെക്ഷൻ 50 പ്രകാരം വിവിധ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന സ്ഥാപനങ്ങളിലെ കോഴ്സുകൾ ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യേണ്ടതില്ല. എന്നാൽ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ/സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകൾ ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യേണ്ടതുണ്ട്. ഇവർക്ക് സർവ്വകലാശാല അഫിലിയേഷൻ നൽകുന്നത് സർക്കാരിൽ നിന്നും നൽകുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്/ലെറ്റർ ഓഫ് പെർമിഷന്റെയും (എൻ.ഒ.സി/എൽ.ഒ.പി) സർവ്വകലാശാല സ്ഥാപനത്തിൽ നടത്തുന്ന പരിശോധനയുടെയും അടിസ്ഥാനത്തിലാണ്. സർക്കാർ എൻ.ഒ.സി/എൽ.ഒ.പി നൽകുന്നത് കോഴ്സ് ഒന്നിന് 50,000/- രൂപ അപേക്ഷ ഫീസ് വാങ്ങി സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകർ, ഉപകരണങ്ങൾ മുതലായവ സംബന്ധിച്ച് തയ്യാറാക്കുന്ന പരിശോധനാ റിപ്പോർട്ടിന് മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ നൽകുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അൽ അമീൻ കോളേജ്, എടത്തല(ബി.എസ്.സി (എം.എൽ.ടി) കോഴ്സ്) കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ്, തലശ്ശേരി (ബി.എസ്.സി(എം.എൽ.ടി) ബി.പി.ടി കോഴ്സുകൾ) എന്നിവ ഒഴികെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾ/സ്ഥാപനങ്ങളുടെ പാരാമെഡിക്കൽ കോഴ്സുകൾ ആരോഗ്യസർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ